**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2921 17.10.2016 - ൽ മറുപടിയ്ക്ക്

## <u>വയോജനങ്ങളുടെ ആരോഗ്യ പരിപാലനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) | എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജന ആരോഗ്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചു. വയോജന ക്ഷേമത്തിനായി ജീറിയാട്രിക് ക്ലിനിക്കുകളും ക്യാമ്പുകളും പ്രാഥമിക ആരോഗ്യ കേന്ദ്രതലം വരെ നടപ്പിലാക്കിവരുന്നു. കൃത്രിമ ശ്രവണസഹായി, കൃത്രിമ ദന്തങ്ങൾ, വൈകല്യ പരിമിതിയ്ക്കുതകുന്ന ഉപകരണങ്ങൾ എന്നിവ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ. പ്രകാരം ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ജീറിയാട്രിക് കെയർ വാർഡും, ജീറിയാട്രിക് |
| (ബി) | വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പരിപാലനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | | |

| | | | |
|---|---|---|---|
| | | | ഒ.പി.യും ഫിസിയോതൊറാപ്പി യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ഇവിടേയ്ക്കു വേണ്ടി ഡോക്ടർമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മാനസിക ആരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലയിലും മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നു. രോഗനിർണ്ണയം, മരുന്ന് വിതരണം, കൗൺസിലിംഗ്, പകൽവീട് തുടങ്ങി നിരവധി സേവനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും, സന്നദ്ധ സംഘടനകൾ നടത്തുന്ന 566 വൃദ്ധസദനങ്ങളും പ്രവൃത്തിക്കുന്നുണ്ട്. വൃദ്ധസദനങ്ങളിലൂടെ നിർദ്ധനരും അനാഥരുമായ വൃദ്ധജനങ്ങൾക്ക് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകി വരുന്നുണ്ട്. വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യപരിപാലനത്തിനായി കേരള സാമൂഹ്യസുരക്ഷാമിഷൻ വഴി വയോമിത്രം എന്ന പദ്ധതി 65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കി വരുന്നു. കൂടാതെ സാമൂഹ്യനീതി വകുപ്പിനു കീഴിലെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി വയോ അമൃതം എന്ന ആയുർവേദം ചികിത്സ പദ്ധതി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | ഇതിനായി പ്രാഥമികാരോഗ്യ | (സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങളെ മെച്ചപ്പെടുത്തി അവിടെ വയോജന ക്ലിനിക്കുകൾ ആരംഭിക്കുമോ; | | എത്തുന്ന രോഗികളിൽ ഭൂരിഭാഗവും വയോജനങ്ങളാണെന്നിരിക്കെ ഒരു പ്രത്യേക വയോജന ക്ലിനിക്കിന്റെ പ്രസക്തി ഇപ്പോഴില്ല. എന്നിരുന്നാലും വയോജന ആരോഗ്യ പദ്ധതിയുടെ കീഴിൽ എല്ലാ സാമ്പത്തിക വർഷവും പ്രാഥമികാരോഗ്യ കേന്ദ്രതലം വരെ വയോജനക്ഷേമ പരിപാടികൾ നടത്തുന്നതിനായി ഫണ്ട് അനുവദിക്കാറുണ്ട്. |
| (ഡി) | വയോജനങ്ങൾക്ക് പകൽ സമയം ചെലവഴിയ്ക്കുന്നതിനുള്ള പകൽ വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സാമൂഹ്യനീതി വകുപ്പിൽ വയോജനങ്ങൾക്ക് പകൽ സമയം ചെലവഴിക്കുന്നതിനുള്ള പകൽ വീടുകൾ നിലവിൽ ആരംഭിച്ചിട്ടില്ല. ചില സീനിയർ സിറ്റിസൺ സംഘടനകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും ചില പകൽ വീടുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | ഇത്തരം പകൽ വീടുകൾ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | എല്ലാ നിയോജക മണ്ഡലങ്ങളിലുമുള്ള മോഡൽ അങ്കണവാടികളോടനുബന്ധിച്ച് പകൽ വീടുകൾ ആരംഭിക്കുവാൻ സാമൂഹ്യനീതി വകുപ്പ് പ്രാരംഭ നടപടികൾ ആരംഭിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ